## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T2644 — 13.03.2020-ൽ മറുപടിക്ക്

**കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - കൂത്തുപറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡ്**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഇ.കെ.വിജയൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - കൂത്തുപറമ്പ് - മട്ടന്നൂർ എയർപോർട്ട് റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;<br><br>(ബി) ഇതിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ;<br><br>(സി) ഈ പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കുമോ;<br><br>(ഡി) ഈ റോഡിന്റെ പ്രധാന വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും<br>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ 'കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കൂത്തുപറമ്പ് - മട്ടന്നൂർ റോഡ്'-ന്റെ ആകെ നീളം 53.15 കി.മീ ആണ്. ഇതിൽ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെ വരുന്ന 23.29 കി.മീ കോഴിക്കോട് ജില്ലയിലും ബാക്കി 29.86 കി.മീ കണ്ണൂർ ജില്ലയിലുമാണ് വരുന്നത്. പ്രസ്തുത റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിന് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ(കർണ്ണാടക) ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്. ഫൈനൽ ഡി.പി.ആർ തയ്യാറാക്കിയതിനു ശേഷം മാത്രമേ പ്രവൃത്തിക്കായി ആവശ്യമായ ചെലവ് സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ